(സി) എങ്കിൽ ഇതര വകുപ്പുകളിൽനിന്നും ബി.ഡി.ഒ. നിയമനത്തിനുള്ള കാട്ട കുറവുചെയ്ത് പകരം ഗ്രാമവികസന വകുപ്പിൽത്തന്നെ പത്തുവർഷത്തി ലധികമായി പ്രവൃത്തിപരിചയമുള്ള ബിരുദധാരികളെ ബി.ഡി.ഒ. നിയമനത്തിന് പരി ഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നേരിട്ടുള്ള നിയമനത്തിന് ബിരുദമാണ് യോഗ്യത. 1:1:1 എന്ന അനുപാതത്തിൽ അതാതു സമയത്ത് ഉണ്ടാകുന്ന ഒഴിവുകൾ എക്സ്റ്റൻഷൻ ഓഫീസറന്മാരിൽനിന്നുള്ള പ്രമോഷൻ, സെക്രട്ടേറിയറ്റ്, പഞ്ചായത്ത്, വ്യവസായം, സ്റ്റാറ്റിസ്റ്റിക്സ്, കൃഷി, മൃഗസംരക്ഷണം, റവന്യൂ തുടങ്ങിയ വിവിധ വകുപ്പുകളിൽനിന്നും പി.എസ്.സി. മുഖേന നടത്തുന്ന തസ്തികമാറ്റംവഴിയുള്ള നിയമനം, പി.എസ്.സി. മുഖേന നടത്തുന്ന നേരിട്ടുള്ള നിയമനം എന്നീ രീതികളിലാണ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാരെ ഇപ്പോൾ നിയമിക്കുന്നത്.

(ബി) ബിരുദധാരികളായ ഗ്രാമസേവകർക്ക് പ്രൊമോഷൻ നല്കുന്നതിന് പ്രത്യേക മാനദണ്ഡമൊന്നും നിലവിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

തൃശ്ശൂർ ജില്ലയിൽ നബാർഡ് പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിച്ച റോഡുകൾ

180 [1119] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിച്ച റോഡുകൾ ഏതെല്ലാമാണെന്നും, ഓരോന്നിലും ചെലവഴിച്ച തുക എത്രയാണെന്നും, അവ ഏതെല്ലാം വർഷങ്ങളിലാ യിരുന്നുവെന്നും പറയാമോ;

(ബി) ഇതിൽ ചേലക്കര നിയോജകമണ്ഡലത്തിലെ റോഡുകൾ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിച്ചതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 19 റോഡുകൾ പുനരുദ്ധരിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ താഴെപ്പറയുംപ്രകാരമാണ്:

ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

† അനുബന്ധം VIII കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ ചേലക്കര നിയോജക മണ്ഡലത്തിൽ പുനരുദ്ധരിച്ച പ്രവൃത്തികൾ താഴെ പറയുന്നവയാണ്:

വർഷം	ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം	പൂർത്തീകരിക്കപ്പെട്ട റോഡുകളുടെ എണ്ണം	പ്രവൃത്തിയുടെ പേര്	ചെലവാക്കിയ തുക (ലക്ഷത്തിൽ)	റിമാർക്സ്
2001-2002	2	2	1. എരിക്കുളം-പട്ടിപ്പറമ്പ്റോഡ്	14.00	പ്രവൃത്തി പൂർത്തീകരിച്ചു
			2. പൊട്ടൻകൊട്-പോട്ടകോളനി റോഡ്	22.81	
2002-2003	1	1	പറക്കോട്-മെതുക്ക് റോഡ്	34.55	പ്രവൃത്തി പൂർത്തീകരിച്ചു
2003-2004	2	1	1. പുലാക്കോട്-അടാക്കോട് റോഡ്	31.37	പണി പൂർത്തീകരിച്ചു
			2. ചീരക്കുഴി മിച്ചഭൂമി റോഡ്	8.22	പണി പുരോഗമിക്കുന്നു

കാസർഗോഡ് ജില്ലയിലെ ഐ.ഡബ്ലിയു.ഡി. പ്രോജക്ട്

181 [1120] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ*- താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഐ.ഡബ്ലിയു.ഡി. പ്രോജക്ടിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം കോൺട്രാക്ട് നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് 2-4-2002 തീയതിയിൽ 19689/ആർ & ഐ/5/00/സി.ആർ.സി. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ എന്നും നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അറിയിക്കാമോ;

(ബി) മാർഗ്ഗ നിർദ്ദേശങ്ങൾക്കും ഉത്തരവിനും വിധേയമായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് നടത്തിയ കോൺട്രാക്ട് നിയമനങ്ങൾ റദ്ദാക്കിക്കൊണ്ട് ഗ്രാമ വികസന വകുപ്പ് ഉത്തരവുകളോ, സർക്കുലറോ പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്നും അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[13-7-2005-ലെ 180 (1119)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	വർഷം	ചെലവാക്കിയ തുക (രൂപയിൽ)
1	എരിക്കുളം പട്ടിപ്പറമ്പ് റോഡ്	2001-2002	14.00
2	പൊട്ടൻകൊട്-പോട്ടകോളനി റോഡ്	2001-2002	22.81
3	പായ്പാൻകുഴി-പിലാർമൂഴി	2001	42.05
4	കാടാംകുഴി-ആനക്കുഴിങ്ങര	2001	12.40
5	കോശിമുക്ക്-കോളാംകുണ്ട്	2001	27.10
6	പറക്കാട്-മെതുക്ക്	2002	34.55
7	വരന്തരപ്പിള്ളി-നന്തിപുലം	2002	5.00
8	കുളയിടം-വെസ്റ്റ് കൊരട്ടി	2001	40.01
9	താളിക്കുണ്ട്-ആശാരിക്കാട്	2003	34.00
10	തോണിപ്പാറ-തമ്പുരാട്ടിമൂല	2003	10.92
11	വട്ടപ്പാറ-നെല്ലാനി	2003	31.76
12	ആനന്ദനഗർ-കച്ചിത്തോട്	2003	3.50
13	കാളക്കുന്ന്	2003	6.09
14	പുലാക്കോട്-അടാക്കോട്	2004	31.37
15	ചീരക്കുഴി-മിച്ചഭൂമി	2004	8.22
16	പിലാക്കോട്-ശങ്കരത്തുംപ്പടി	2004	13.00
17	മോതിരക്കണ്ണി-മാവുങ്ങച്ചിറ	2005	4.37
18	വെട്ടിക്കുഴി-കോട്ടാമല	2005	6.74
19	പറംപായ-ഹൈസ്ക്കൂൾ റോഡ്	2005	3.43
	ആകെ		320.92

LIBRARY ARCHIVES Kerala Legislative Assembly